I/123611/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ.BINDU GOPINATH)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ജീവനക്കാര്യം – ശ്രീ.ഷാനവാസ്.കെ.പി, സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് II ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 299/2023 നമ്പർ കേസിന്മേലുള്ള വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. OA-299/2023 നം കേസിന്മേലുള്ള 05.06.2023 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം.

2. 26.10.2023 ലെ 3456 നം ഗസറ്റ് വിജ്ഞാപനം.

**<u>ഉത്തരവ് നം. DWCD/1934/2022-E9 (1) തീയതി: 31-10-2023</u>**

വനിത ശിശു വികസന വകുപ്പിൽ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ.ഷാനവാസ്.കെ.പി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഉദ്യോഗക്കയറ്റം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ഫയൽ ചെയ്ത OA 299/2023 നമ്പർ കേസിന്മേലുള്ള അന്തിമ വിധിന്യായം പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിൽ അപേക്ഷകൻ ഉൾപ്പെടെയുള്ള അർഹരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അഡ്ഹോക്ക് ഡി.പി.സി (ലോവർ) യോഗം ചേരുന്നതിനും സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ Compassionate ground-ൽ മാറ്റി നിയമിച്ചിട്ടുള്ള ഒരു തസ്തികയിൽ അർഹരായ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം 2 മാസത്തിനകം അനുവദിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനെയും ഉൾപ്പെടുത്തി ഫീൽഡ് ഓഫ് ചോയ്സ് തയ്യാറാക്കുകയും 18/09/2023 തീയതിയിൽ അഡ്ഹോക്ക് ഡി.പി.സി (ലോവർ) യോഗം ചേരുകയും ഒരു ഒഴിവ് നിലവിലുള്ളതിനാൽ ഒരു ജീവനക്കാരനെ മാത്രം ഉൾപ്പെടുത്തി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും തീരുമാനം കൈക്കൊള്ളുകയുണ്ടായി. ആയത് പ്രകാരം അപേക്ഷകനെക്കാൾ സീനിയറായ ശ്രീ.അജികുമാർ.ആർ-നെ ഉൾപ്പെടുത്തി സെലക്ട് ലിസ്റ്റ് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ പരാമർശം (1), (2) എന്നിവയുടെ അടിസ്ഥാനത്തിൽ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് II തസ്തികയിൽ സേനവമനുഷ്ഠിക്കുന്ന ശ്രീ.അജികുമാർ.ആർ-ന് കെ.എസ് & എസ്.എസ്.ആർ ചട്ടം 28(എ) പ്രകാരം 50200-105300 രൂപ ശമ്പള സ്കെയിലിൽ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നിയമനം നൽകിയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 05.06.2023 ലെ വിധിന്യായം നടപ്പിലാക്കികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>ഉദ്യോഗക്കയറ്റം</u>**

| ക്രമ | ജീവനക്കാരന്റെ പേര്, തസ്തിക, | ഉദ്യോഗക്കയറ്റം നൽകി | അധിക ചുമതല |
|---|---|---|---|

I/123611/2023

| നം | സേവനമനുഷ്ഠിക്കുന്ന കാര്യാലയം | നിയമിക്കുന്ന തസ്തിക, കാര്യാലയം | ഏറ്റെടുക്കേണ്ട ജീവനക്കാർ |
|---|---|---|---|
| 1. | ശ്രീ.അജികുമാർ.ആർ, (പെൻ നം.211769) സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് II ഗവ.ഒബ്സർവേഷൻ ഹോം, എറണാകുളം | സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I, ഗവ. ചിൽഡ്രൻസ് ഹോം (ബോയ്സ്) തൃശ്ശൂർ | <u>DDO യുടെ ചുമതല</u> നിലവിലെ ജീവനക്കാരി തുടർന്നും നിർവ്വഹിക്കേണ്ടതാണ്.<br><br><u>സ്ഥാപന സൂപ്രണ്ടിന്റെ ചുമതല</u> ശ്രീ.അബൂബക്കർ.എം, ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ ഗവ.ഒബ്സർവേഷൻ ഹോം, എറണാകുളം |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരന് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത യാത്രാ ബത്തയ്ക്കും പ്രവേശനകാലത്തിനും അർഹത ഉണ്ടായിരിക്കുന്നതാണ്.

മേൽ പറയുന്ന ജീവനക്കാരൻ ഉടൻ പ്രാബല്യത്തിൽ ചുമതല ഏറ്റെടുക്കേണ്ടതും സ്ഥലംമാറ്റം/ ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച വിവരം ആർ.ടി.സി-യുടെ പകർപ്പ് സഹിതം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

BINDU GOPINATH
**വനിത ശിശു വികസന ഡയറക്ടർ (I/C)**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
3. ബന്ധപ്പെട്ട ജില്ല വനിതാശിശു വികസന ഓഫീസർമാർക്ക്
4. സൂപ്രണ്ട് ഐ.റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. ഫയൽ/ സ്റ്റോക്ക് ഫയൽ

**Signed by Bindu Gopinath**
**Date: 31-10-2023 14:27:18**